DESPATCHED
22/06/2020

09/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2552*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15882**/*എസ്.ഐ.സി–ജി 6/17*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.മഹേശ് വി.കെ.,
ശാസ്താങ്കൽ വാര്യം,
ദേശം പി.ഒ., ആലുവ – 683 102. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ
കാര്യാലയം, തോപ്പിൽ എസ്റ്റേറ്റ്, വൈറ്റില, കൊച്ചി–19.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ചീഫ് ഇനക്ട്രിക്കൽ ഇൻസ്പെക്ടർ,
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ
കാര്യാലയം, തോപ്പിൽ എസ്റ്റേറ്റ്, വൈറ്റില, കൊച്ചി–19.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.09.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.12.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.12.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.12.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020 ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മഹേശ് വി.കെ., 23.12.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 27.12.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2552(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 17.10.2017ൽ മറുപടി തയ്യാറാക്കിയെങ്കിലും 26.10.2017ലാണ് പോസ്റ്റ് ചെയ്തതായി കാണുന്നതെന്നും 28.10.2017ലാണ് ടിയാന് ലഭിച്ചതെന്നുമാണ്. 37 ദിവസം കഴിഞ്ഞാണ് ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തുനൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ 22.11.2017ന് ഹിയറിംഗിനു ഹാജരാകാൻ നോട്ടീസ് ലഭിച്ചെങ്കിലും വ്യക്തമായ മറുപടി ലഭിക്കാതിരുന്നതിനാൽ വിശദീകരണം എഴുതി അയച്ചുവെന്നും ടിയാന്റെ അപ്പീൽ സമയബന്ധിതമായി നടപടി സ്വീകരിച്ചില്ലെന്നും ആകയാൽ ടിയാന് മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.09.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 07.09.2017ൽ രജിസ്റ്റേർഡ് കത്തായി കൈപ്പറ്റിയ പരാതി സ്വീകരിച്ച് നൽകിയ ഫയൽ നമ്പർ നൽകണമെന്നും പരാതിയോടൊപ്പം ചേർത്തിരുന്ന പോസ്റ്റ് കാർഡിൽ സ്വീകരിച്ച് നമ്പർ രേഖപ്പെടുത്തിയ ഏതെങ്കിലും രേഖയുണ്ടെങ്കിൽ ആയത് നൽകണമെന്നും മേൽപ്പടി പരാതിയിന്മേൽ ഡെ.ചീഫ് ഇൽക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം സ്വീകരിക്കേണ്ടതായ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും ടി ഹർജിയിൽ നടപടി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ചുമതല നിർവ്വഹിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പൂർണ്ണമായ ഔദ്യോഗിക വിലാസം നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 17.10.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾക്കായി പേജൊന്നിന് 2/- രൂപാ ക്രമത്തിൽ 6/- രൂപ ഒടുക്കി കോപ്പികൾ കൈപ്പറ്റണമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി

രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.12.2017ന് നൽകിയ മറുപടി യിൽ ഹർജിക്കാരൻ 07.09.2017ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് നൽകിയ പരാതിയിലെ വിവരങ്ങൾ അറിയുന്നതിനായി ടിയാൻ തന്നെ 22.09.2017ന് അപേക്ഷ നൽകിയതെന്നും ടി പരാതി സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നടത്തിയ അന്വേഷണം പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെയാണ് ടിയാൻ വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും ടി പരാതിയിലെ മൂന്നാം കക്ഷിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അത്താണി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം 04.11.2017നു മാത്ര മാണ് ബന്ധപ്പെട്ട ഫയലിൽ ലഭിച്ചതെന്നുമാണ്. ആയതിനാൽ ടി ഫയലിൽ ലഭ്യമായ വിവരങ്ങൾ 17.10.2017ന് തയ്യാറാക്കി 23.10.2017ന് തപാൽ മാർഗ്ഗം ഒന്നാം എതിർകക്ഷി ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും എങ്കിലും ടിയാൻ സമർപ്പിച്ച അപ്പീലിന്മേൽ ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് സൗജന്യമായി നൽകണമെന്ന് ഉത്തരവായെന്നുമാണ്.

4. 21.05.2018ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ ടി ഓഫീ സിൽ ലഭിച്ചതിൻ പ്രകാരം ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും അനു ബന്ധ രേഖകളും 05.03.2018ന് ടി ഓഫീസിൽ നിന്നും അയച്ചു കൊടുത്തിട്ടു ണ്ടെന്നും തുടർന്ന് 24.03.2018ന് മറുപടി തൃപ്തികരമല്ല എന്നു കാണിച്ച് അപ്പീൽ സമർപ്പിച്ചിരുന്നതും ആയതിൽ നടപടി സ്വീകരിച്ച് 11.04.2018ന് ടി ഓഫീസിൽ ഹിയറിംഗിന് വിളിച്ചതിൻ പ്രകാരം 28.4.2018ന് ടിയാൻ കത്തു നൽകിയെന്നുമാണ്. ആകയാൽ ടി വിഷയം സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് നൽകിയെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 27.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാ രന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടിയാൻ 07.09.2017ന് നൽകിയ പരാതി സംബന്ധിച്ചുള്ള വിവരങ്ങൾക്കായാണ് 22.09.2017ന് അപേക്ഷ നൽകിയ തെന്നും ടി പരാതിയിൽ പരാമർശിച്ചിരുന്ന വിഷയം ഒന്നുംതന്നെ ടി ഓഫീ സിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ബന്ധപ്പെട്ട ഓഫീസിലേയ്ക്ക്

അയച്ചു നൽകുകയും ടി ഓഫീസിൽ നിന്ന് മറുപടി ലഭിച്ചിരുന്നില്ലെങ്കിലും മറുപടി തയ്യാറാക്കി ഫീസടയ്ക്കുന്നതിനായി 17.10.2017ന് അപ്രൂവ് ചെയ്ത് 23.10.2017ന് ടിയാന് അയച്ചുകൊടുത്തുവെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ടിയാന്റെ അപ്പീലിന്മേൽ അപ്പീലധികാരി രേഖകളുടെ പകർപ്പ് സൗജന്യമായി ടിയാന് നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഒന്നും രണ്ടും എതിർകക്ഷികൾ നൽകാൻ കഴിയാവുന്ന രേഖകളെല്ലാം നൽകിയതായി കമ്മീഷനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 09–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM